മണലൂർ തൈക്കാട് കേന്ദ്രമാക്കി ആയൂർവേദ ആശുപത്രി

64 (1791) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആയൂർവേദ ആശുപത്രികൾ അനുവദിക്കാൻ ഉദ്ദേശ്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) മണലൂർ നിയോജകമണ്ഡലത്തിലെ തൈക്കാട് കേന്ദ്രമാക്കി ഒരു ആയൂർവേദ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ യെന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) ആശുപത്രികളുടെ ആവശ്യകതയും ഫണ്ട് ലഭ്യതയും കണക്കിലെടുത്ത് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഒറ്റമൂലി ചികിത്സ

65 (1792) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റമൂലി ചികിത്സയെപ്പറ്റി പഠനം നടത്തുന്നുണ്ടോ ; എങ്കിൽ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ പ്രസ്തുത ചികിത്സ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് ഔഷധസസ്യങ്ങളുടെ ലഭ്യത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെകീഴിൽ വരുന്ന വകുപ്പിലൊന്നുംതന്നെ പ്രസ്തുത ചികിത്സയെ സംബന്ധിച്ച പഠനമൊന്നും നടത്തുന്നില്ല.

(ബി) ഔഷധസസ്യങ്ങളുടെ ലഭ്യത കുറയുന്നതുകൊണ്ട് ആയൂർവേദ മരുന്ന് നിർമ്മാണത്തിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ, ഈ പ്രശ്നം പരിഹരിക്കുന്ന തിനുവേണ്ടി സംസ്ഥാന ഔഷധസസ്യ ബോർഡ് ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടുകൂടി വിവിധ പദ്ധതികളും പരിപാടികളും നട പ്പിലാക്കിവരുന്നു.

കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിലെ പഞ്ചകർമ്മ ചികിത്സ

66 (1793) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റുമാരാണ് പഞ്ചകർമ്മ ചികിത്സ/തടവ്, തിരുമ്മ് ചികിത്സ നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly